## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 4060 — 16.12.2014-ന് മറുപടിക്ക്

### മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

.....

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ PSC യ്ക്ക് വിട്ടുകൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; റദ്ദ് ചെയ്ത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | ഇല്ല.<br>മലിനീകരണ നിയന്ത്രണ ബോർഡ് നിയമനങ്ങൾ PSC ക്ക് വിടുന്നതു സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനുള്ള ബിൽ നമ്പർ 153 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അംഗീകാരമായിട്ടില്ലാത്തതിനാൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾക്ക് പ്രായ പരിധി 35 വയസ്സായി നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ ; | (ബി) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സബോർഡിനേറ്റ് സർവ്വീസ് റഗുലേഷൻസ്, 1999-ഉം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർവ്വീസ് റഗുലേഷൻസ്, 1999-ഉം പ്രകാരമാണ് നിയമനങ്ങൾക്ക് പ്രായപരിധി നിശ്ചയിച്ചത്. |
| (സി) | വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (സി) | പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | ഏതൊക്കെ തസ്തികകളിലേക്കാണ് നിയമനം നടത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | താഴെപ്പറയുന്ന തസ്തികകളിലാണ് നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത് :<br><br><u>എഞ്ചിനീയറിംഗ് വിഭാഗം</u><br>അസിസ്റ്റന്റ് എഞ്ചിനീയർ<br><br><u>സയന്റിഫിക് വിഭാഗം</u><br>അസിസ്റ്റന്റ് സയന്റിസ്റ്റ്<br>ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്<br><br><u>മിനിസ്റ്റീരിയൽ വിഭാഗം</u><br>അസിസ്റ്റന്റ്<br>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്<br>ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റ്)<br>ഡ്രൈവർ<br>അറ്റൻഡർ<br>പ്യൂൺ/ ബ്ലൂ പ്രിന്റർ<br>വാച്ച്മാൻ |

സെക്ഷൻ ഓഫീസർ